(ബി) എങ്കിൽ ഇക്കാര്യം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോച്ച് ബിൽഡർമാരുടെ ഇപ്പോഴത്തെ അനുവദനീയ എണ്ണം 180 ആണ്. 150 പേർ നിലവിൽ സർവ്വീസിൽ ഉണ്ട്. 30 പേർക്ക് പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമന ഉത്തരവ് നൽകി കഴിഞ്ഞു. അതിനാൽ നിലവിൽ ഒഴിവുകളില്ല.

തൃശ്ശൂരിൽനിന്നും അന്തർസംസ്ഥാന സർവ്വീസുകൾ

81 [3515] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. എത്ര അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അന്തർസംസ്ഥാന സർവ്വീസിൽ നിന്നും ഓരോ വർഷവും ലഭിക്കുന്ന വരുമാനം എത്ര; 2001 മുതൽ ഓരോ വർഷവും ലഭിച്ച വരുമാനം എത്ര;

(സി) പുതിയതായി അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംസ്ഥാനങ്ങളിലേക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) തൃശ്ശൂരിൽ നിന്നും ബാംഗ്ലൂർ, ചെന്നൈ, മുംബൈ, ഗോവ, ജയ്പൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 983 ട്രിപ്പുകൾ അന്തർസംസ്ഥാന സർവ്വീസായി ഓടിക്കുന്നു.

(ബി) അന്തർസംസ്ഥാന സർവ്വീസിൽ നിന്നും മാത്രമായി ലഭിക്കുന്ന വരുമാനം പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഉണ്ട്. തമിഴ്നാട്ടിലേക്കും കർണ്ണാടകത്തിലേക്കും. ഇത് സംബന്ധിച്ച് തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ എസ്.റ്റി.യു.കളുമായി പ്രാരംഭ ചർച്ച നടത്തുകയുണ്ടായി. എന്നാൽ ഇതിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) തൃശ്ശൂരിൽ നിന്നും ബാംഗ്ലൂരിലേക്ക് നിലവിൽ സർവ്വീസുകൾ നടത്തുന്നുണ്ട്. എസ്.റ്റി.യു.മായി ചർച്ച ചെയ്തതിനുശേഷം ഇക്കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly